## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - ദൂരദർശനും കുടുംബശ്രീയും സംയുക്തമായി നടത്തുന്ന 'ഇനി ഞങ്ങൾ പറയാം' എന്ന സോഷ്യൽ റിയാലിറ്റി ഷോയിലെ വിജയികൾക്ക് സമ്മാനത്തുക നൽകുന്നതിനായി 2.65 കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.3546/2015/തസ്വഭവ. തിരുവനന്തപുരം, തീയതി 28 /11/2015.**

---

പരാമർശം:-(1) 19.03.2014 ലെ സ.ഉ.(സാധാ) നമ്പർ 1288/2014/തസ്വഭവ നമ്പർ ഉത്തരവ്.
(2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.06.2015 ലെ 2632/K/2013/KSHO നമ്പർ കത്ത്.

### ഉത്തരവ്

കുടുംബശ്രീയുടെ മികച്ച സി.ഡി.എസ്സുകളെ കണ്ടെത്തുന്നതിന് നൂതന മാർഗ്ഗം അവലംബിക്കുന്നതിനായി തിരുവനന്തപുരം ദൂരദർശൻ കേന്ദ്രം ഡയറക്ടർ സമർപ്പിച്ച 1, 36, 00, 000/- രൂപയുടെ (ഒരു കോടി മുപ്പത്തിയാറ് ലക്ഷം രൂപ) പ്രൊപ്പോസലിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മികച്ച സി.ഡി.എസ്സുകളെ കണ്ടെത്തുന്നതിനായി കുടുംബശ്രീയും ദൂരദർശനും സംയുക്തമായി നടത്തുന്ന സോഷ്യൽ റിയാലിറ്റി . ഷോ ആയ 'ഇനി ഞങ്ങൾ പറയാം' എന്ന പരിപാടിയിലെ വിജയികൾക്ക് സമ്മാനത്തുക അനുവദിച്ചു നൽകണമെന്ന് പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മികച്ച സി.ഡി.എസ്സുകളെ കണ്ടെത്തുന്നതിനായി കുടുംബശ്രീയും ദൂരദർശനും സംയുക്തമായി നടത്തുന്ന സോഷ്യൽ റിയാലിറ്റി ഷോ ആയ 'ഇനി ഞങ്ങൾ പറയാം' എന്ന പരിപാടിയിൽ വിജയികളാകുന്ന ടീമുകൾക്ക് സമ്മാനത്തുക നൽകുന്നതിനായി 2.65 കോടി രൂപ(രണ്ടു കോടി അറുപത്തി. അഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. മികച്ച സി.ഡി.എസ്സ് ആയി തെരഞ്ഞെടുക്കപ്പെടുന്നവർക്കും, രണ്ടാം സ്ഥാനക്കാർക്കും മൂന്നാം സ്ഥാനക്കാർക്കും സമ്മാനത്തുക നൽകുന്നതിനായി യഥാക്രമം ഒരു കോടി, മുപ്പത് ലക്ഷം, ഇരുപത് ലക്ഷം രൂപ വീതവും സെമി ഫൈനൽ ഘട്ടത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട 16 സി.ഡി.എസ്സുകൾക്ക് (ഒന്ന് മുതൽ മൂന്നാം സ്ഥാനക്കാർ ഒഴികെ) 5 ലക്ഷം രൂപാ വീതവും (13*5 ലക്ഷം = 65 ലക്ഷം രൂപയും) മികച്ച സുസ്ഥിര ആശയത്തിന് സമ്മാനത്തുകയായി 50 ലക്ഷം രൂപയും ചെലവഴിക്കേണ്ടതാണ്. നൈപുണ്യവികസനം, മൈക്രോഫിനാൻസ് പദ്ധതികൾ, കുടുംബശ്രീയുടെ കീഴിലുള്ള മറ്റു പദ്ധതികൾ എന്നിവയ്ക്കായി മാത്രം സമ്മാനത്തുക വിനിയോഗിക്കേണ്ടതാണ്. സമ്മാനത്തുകയായ 2.65 കോടി രൂപ 2015-16 ലെ ബഡ്ജറ്റ് വിഹിതമായി കുടുംബശ്രീയ്ക്ക് അനുവദിച്ച പദ്ധതി വിഹിതത്തിൽ നിന്നും ചെലവാക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എൻ. വിശ്രുതൻ ആചാരി**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit) കേരളം, തിരുവനന്തപുരം.

PTO

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**